# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *232

18/02/2016-ൽ മറുപടിക്ക്

## പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി

ചോദ്യം

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. സി.കെ സദാശിവൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ) ഈ സർക്കാരിന്റെ കാലത്ത് മുൻ കാലങ്ങളെ അപേക്ഷിച്ച് വിവിധതരം പനി- വയറിളക്ക രോഗങ്ങളും അതു മൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | മുൻ കാലങ്ങളെ അപേക്ഷിച്ച് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പനിയിലും പനിമരണങ്ങളിലും കുറവുണ്ടാകുകയാണ് ചെയ്തത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഡെങ്കിപ്പനിയിൽ കാര്യമായ വർദ്ധനവ് ഉണ്ടായി. എന്നാൽ ഇത് ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലും, മറ്റ് രാജ്യങ്ങളിലും ഈ കാലഘട്ടത്തിൽ ഉണ്ടായ പ്രവണതയുടെ പ്രതിഫലനം മാത്രമാണ്. വയറിളക്കരോഗങ്ങളിലും വർദ്ധനവ് ഉണ്ട്. എന്നാൽ എലിപ്പനി, മലമ്പനി, ചിക്കൻഗുനിയ, ജപ്പാൻജ്വരം, ടൈഫോയ്ഡ്, എച്ച്1 എൻ1 തുടങ്ങിയ പനികൾ 2006-2010- കാലഘട്ടത്തേക്കാൾ കുറഞ്ഞതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ മഞ്ഞപ്പിത്തം എ-യിൽ വർദ്ധനവ് ഉണ്ട്. ചെള്ള്പനി തിരുവനന്തപുരം ജില്ലയിൽ ആണ് കൂടുതൽ ഉണ്ടായത്.<br><br>പകർച്ചവ്യാധി മരണങ്ങളുടെ കാര്യത്തിൽ വൈറൽ പനി, എലിപ്പനി മരണങ്ങളിൽ കാര്യമായ കുറവ് ഉണ്ടാക്കാനായി മലമ്പനി, ജപ്പാൻജ്വരം, മഞ്ഞപ്പിത്തം-എ , ടൈഫോയ്ഡ്, എച്ച്1 എൻ1 എന്നിവ മൂലമുള്ള മരണവും കുറയ്ക്കുവാനായി. ഡെങ്കിപ്പനി മൂലമുള്ള മരണം വർദ്ധിച്ചു. ചെള്ള്പനിയും, കുരങ്ങുപനിയും മൂലവും മരണമുണ്ടായി.<br><br>ജനസംഖ്യാവർദ്ധനവും, രോഗനിരീക്ഷണം കാര്യക്ഷമമാക്കുന്നതും രോഗബാധിതരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കാരണമാകുമെന്ന കാര്യവും കൂടി പരിഗണിച്ചാൽ, പൊതുവിൽ മുൻ കാലത്തെ അപേക്ഷിച്ച് പകർച്ചവ്യാധി പലതും കുറഞ്ഞിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കും. |

| | |
|---|---|
| ബി) പൊതു ആരോഗ്യമേഖലയിലുണ്ടായ ദൗർബല്യങ്ങൾക്ക് കാരണമെന്തെന്നും അവ പരിഹരിക്കാനായി സ്വീകരിച്ച നടപടികളെന്തെന്നും അറിയിക്കാമോ; | ബി) പൊതു ആരോഗ്യമേഖലയിൽ കാര്യമായ ദൗർബല്യങ്ങൾ ഇല്ല. പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് സാമൂഹിക ഘടകങ്ങളെ അനുയോജ്യമായ രീതിയിൽ കൂട്ടിയിണക്കുന്നതിന് വിവിധ വകുപ്പുകളുടെ പങ്കാളിത്തം അവിഭാജ്യഘടകമാണ്. അതിന് യോജിച്ച രീതിയിൽ ഉള്ള വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ ജനങ്ങളുടെ ജീവിതശൈലിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതും ആവശ്യമാണ്. അതിന് വേണ്ട ബോധവൽക്കരണ പ്രവർത്തന ങ്ങളും ആരോഗ്യ വകുപ്പ് നടത്തുന്നുണ്ട്. നഗരപ്രദേശങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ, നഗരപ്രദേശങ്ങളിലെ പിന്നോക്ക പ്രദേശങ്ങൾ, തീരപ്രദേശങ്ങൾ, ആദിവാസി മേഖലകൾ തുടങ്ങിയവയിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുവാനും കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്.<br><br>ആഗോളതലത്തിലും രാജ്യാന്തര തലത്തിലും പാരിസ്ഥിതികമായും കാലാവസ്ഥയിലും ഉണ്ടാകുന്ന മാറ്റങ്ങൾ ആരോഗ്യമേഖലയെ പലപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇതോടൊപ്പം ജനസംഖ്യാവർദ്ധനവും മാലിന്യപ്രശ്നങ്ങൾ, നഗരവൽക്കരണം മരുന്നുകൾക്കെതിരെ രോഗാണുവും, കീടനാശിനികൾക്കെതിരെ രോഗം പരത്തുന്ന ജീവികളും പ്രതിരോധശേഷി ആർജ്ജിക്കുന്നതും, ഇതര സംസ്ഥാന തൊഴിലാളികൾ വഴിയുള്ള ആരോഗ്യ പ്രശ്നങ്ങളും ആണ് മറ്റ് വെല്ലുവിളികൾ. ഇത്തരം വെല്ലുവിളികൾ നേരിടാനായിട്ടുള്ള വാർഷിക കർമ്മപദ്ധതിയാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നത്. |
| സി) ആരോഗ്യ സംരക്ഷണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുകയും, ചെലവു കുറയ്ക്കുകയും, പകർച്ച വ്യാധികൾ നിയന്ത്രിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി രൂപീകരിക്കുമെന്നും അതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നുമുള്ള 2013-14 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;<br><br>ഡി) പ്രസ്തുത ഏജൻസി നിലവിൽ വന്നോ; എങ്കിൽ അതിന്റെ | സി) & ഡി). സംസ്ഥാന പൊതുജനാരോഗ്യ സംരക്ഷണ ഏജൻസി നിലവിൽ വന്നു. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഏജൻസിയുടെ ഗവേണിംഗ് ബോഡിയുടെ ആദ്യയോഗം കൂടി. ഗവേണിംഗ് ബോഡിയിൽ വിവിധ വകുപ്പ് മന്ത്രിമാരേയും സെക്രട്ടറിമാരേയും അംഗങ്ങളാക്കി. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും, ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലും മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു. പകർച്ചവ്യാധികൾ ഉണ്ടാകുന്നത് മുൻകൂട്ടി അറിയുവാൻ ഒരു ഹെൽത്ത് ഒബ്സർവേറ്ററി രൂപീകരിക്കും. പകർച്ചേതര വ്യാധികളും കൊതുക് ജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിന് അനുയോജ്യമായ തീരുമാനങ്ങൾ എടുത്തു. ഇതര വകുപ്പുകൾ പൊതുജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് നിർബന്ധമായും അനുവർത്തിക്കേണ്ട ചുമതലകൾ തീരുമാനിച്ചു. പൊതുജനാരോഗ്യ സംരക്ഷണവുമായി |

| | |
|---|---|
| പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇല്ലെങ്കിൽ പൊതു ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച അവബോധം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഉണ്ടാകുന്നതിന് തൃശ്ശൂർ കിലയിൽവെച്ച് പരിശീലനം നൽകുന്നതായിരിക്കും. മേൽപ്പറഞ്ഞ കാര്യങ്ങൾ വിശദമായി ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് ഉണ്ടാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിലേക്ക് നീങ്ങുന്നു.<br><br>ഇതോടൊപ്പം പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുള്ള മറ്റു പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ